നം. CEE/5500/2017/ KEAM -2018/ TA.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# KEAM -2018

## ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ (മൈനോറിറ്റി) ക്വാട്ടയിലേയ്ക്കുള്ള പ്രവേശനം വിദ്യാർത്ഥികളിൽ നിന്നും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റുകൾ ക്ഷണിച്ചു

23.06.2018 ലെ സ.ഉ. നം. (സാധാ) 2016/2018/ആ.കു.വ, 25.06.2018 ലെ സ.ഉ. നം. (സാധാ) 2031/2018/ ആ.കു.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ നിശ്ചിത എണ്ണം എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകൾ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. ഈ സീറ്റുകളിലേയ്ക്ക് കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെയും, മൈനോറിറ്റി മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രവേശനം നൽകുന്നതാണ്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം തേടുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ ന്യൂനപക്ഷ ക്വാട്ടയായി മാറ്റിവച്ചിട്ടുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന അതത് ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലെ **'KEAM 2018-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Minority Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത ന്യൂനപക്ഷ വിഭാഗത്തിൽ വരുന്ന സമുദായങ്ങളുടെ പട്ടിക ലഭ്യമാകുന്നതാണ്. ഓരോ സമുദായ വിഭാഗത്തിനും നേരെ അതത് വിഭാഗത്തിൽപ്പെടുന്നതിനുള്ള യോഗ്യത, സമുദായം തെളിയിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ എന്നിവ കാണിച്ചിട്ടുണ്ട്. കൂടാതെ ഓരോ സമുദായ വിഭാഗത്തിനും നേരെ അതിനായി സമർപ്പിക്കേണ്ടുന്ന സമുദായ സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമ ലഭ്യമാകുന്നതാണ്. പ്രസ്തുത പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ബന്ധപ്പെട്ട അധികാരിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങി ആവശ്യമാണെങ്കിൽ റവന്യൂ അധികാരികളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റിനോടൊപ്പം **29.06.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇത്തരം കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളുടെ ലഭ്യത, ന്യൂനപക്ഷ സമുദായം സംബന്ധിച്ച വിവരങ്ങൾ, പ്രസ്തുത സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ, സമർപ്പിക്കേണ്ടുന്ന രേഖകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **<u>www.cee.kerala.gov.in</u>, <u>www.cee-kerala.org</u>** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

വിശദമായ വിജ്ഞാപനങ്ങൾ മേൽ വെബ്സൈറ്റിൽ ലഭ്യമാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
25.06.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**